## പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3050 23.03.2015-ലെ മറുപടിക്ക്

### ക്ഷീരോത്പാദന രംഗത്ത് സ്വയംപര്യാപ്തത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എൻ.എ.ഖാദർ: | ശ്രീ. കെ.സി. ജോസഫ്. (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) ക്ഷീരോത്പാദന രംഗത്ത് സ്വയംപര്യാപ്തത കൈവരിയ്ക്കുന്നതിനായി സംസ്ഥാനത്ത് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) ക്ഷീരോല്പാദന രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുന്നത് ലക്ഷ്യമിട്ട് ക്ഷീരവികസന വകുപ്പ് കർഷകർക്ക് ഡെയറി യൂണിറ്റ് തുടങ്ങുന്നതിന് സബ്സിഡി അനുവദിക്കുന്ന എം.എസ്.ഡി.പി, സംഘത്തിൽ അളക്കുന്ന പാലിന് ആനുപാതികമായി കാലിത്തീറ്റയ്ക്ക് സബ്സിഡി അനുവദിയ്ക്കുന്ന കാലിത്തീറ്റ സബ്സിഡി വിതരണ പദ്ധതി, തീറ്റപ്പുൽ-കൃഷിക്ക് ധനസഹായം അനുവദിക്കുന്ന തീറ്റപ്പുൽകൃഷി വികസന പദ്ധതി, പാൽഗുണ നിയന്ത്രണ പ്രവർത്തനങ്ങൾ, ക്ഷീരസംഘ-ങ്ങളുടെ ശാക്തീകരണം, ഗ്രാമീണ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ എന്നീ പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്.<br><br>മിൽമയുടെ തിരുവനന്തപുരം മേഖലാ യൂണിയൻ മിനി ഡയറി പദ്ധതി, കിടാരികളുടെ ദത്തെടുക്കൽ പദ്ധതി, പശുക്കളെ വാങ്ങിക്കു-ന്നതിനുള്ള റിവോൾവിംഗ് ഫണ്ട്, മൃഗചികിത്സാ സഹായം, കർഷകർക്ക് പ്രൊഡക്ഷൻ ഇൻ-സെന്റീവ്, ഉല്പാദന വർദ്ധനവിനു വേണ്ട വിരമരുന്നും മറ്റു ഉല്പന്നങ്ങളും നൽകുക എന്നീ പദ്ധതികളും എറണാകുളം മേഖലാ യൂണിയൻ വേനൽക്കാല അധിക വില, പശുക്കളെ വാങ്ങിക്കുന്നതിനുള്ള ലോണിന് പലിശ സബ്സിഡി, സബ്സിഡി നിരക്കിൽ വയ്ക്കോൽ വിതരണം, തൊഴുത്ത് പണിയുന്നതിന് സാമ്പത്തിക സഹായം, കന്നുകാലി ഇൻഷ്വറൻസ് സബ്സിഡി, കിടാരി വളർത്തലിന് 50% നിരക്കിൽ കാലിത്തീറ്റ, ഫാമുകൾക്ക് ട്രാൻസ്പോർട്ടേഷൻ സബ്സിഡി, പട്ടികജാതി വനിതകൾക്ക് കിടാരി വളർത്തൽ യൂണിറ്റ്, കർഷകർക്ക് പാൽ പാത്രങ്ങളും |

ക്ലീനിംഗിനുമുള്ള രാസവസ്തുക്കളും നൽകുക, സംഘങ്ങൾക്ക് പാൽക്യാനുകളും ടെസ്റ്റിംഗ് ഉപകരണങ്ങളും നൽകുക, സംഘങ്ങൾക്ക് ഇൻസെന്റീവ്, സംഘങ്ങൾക്ക് ക്യാനുകൾ, സെൻട്രിഫ്യൂജ് എന്നിവ വാങ്ങുന്നതിന് സബ്സിഡി, കർഷകർക്കും സംഘം ജീവനക്കാർക്കും പരിശീലന പരിപാടികൾ, കറവയന്ത്രം വാങ്ങുന്നതിന് സാമ്പത്തിക സഹായം, എന്നീ പദ്ധതികളും മലബാർ മേഖലാ യൂണിയൻ കിടാരി സംരക്ഷണ പദ്ധതി, നിലമ്പൂർ, അട്ടപ്പാടി പ്രദേശത്തെ കർഷകർക്ക് പശുക്കളെ വാങ്ങുന്നതിന് സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട്, സംസ്ഥാന സർക്കാർ പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ സാമ്പത്തിക സഹായത്തോടെ ക്ഷീരവികസന പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുക, പച്ചപ്പുല്ല് മറ്റു ഉല്പാദനോപാദികൾ കർഷകർക്ക് ലഭ്യമാക്കുക, ഡയറി ഫാമുകൾ പ്രോത്സാഹിപ്പി-ക്കുന്നതിനായി ആവശ്യമായ നടപടികൾ സ്വീകരിക്കുക, എൻ.ഡി.പി, എൻ.പി.ഡി.ഡി, ആർ.കെ.വി.വൈ മുതലായ പദ്ധതികൾ വഴി ക്ഷീരോല്പാദന വർദ്ധനവിനുള്ള നടപടികൾ എന്നിവ സ്വീകരിച്ചുവരുന്നു. കൂടാതെ കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ക്ഷീരകർഷകർക്ക് കാലി-ത്തീറ്റയ്ക്ക് സബ്സിഡിയും നൽകുന്നുണ്ട്.

| ചോദ്യം | | ഉത്തരം |
|---|---|---|
| (ബി) പാലിന്റെ വില വർദ്ധിപ്പിച്ചാലും വർദ്ധനവിന്റെ പൂർണ്ണമായ ഫലം ക്ഷീരകർഷകർക്ക് ലഭിയ്ക്കുന്നില്ലെന്ന ആവലാതി ശ്രദ്ധയിൽപ്പെ-ട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ; & (സി) എങ്കിൽ ഇത് പരിഹരിക്കുന്നതിനും ക്ഷീരകർഷകർക്ക് പാലിന് ന്യായമായ വില ലഭിയ്ക്കുന്നതിനും വേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) & (സി) | പാൽവില വർദ്ധിപ്പിച്ചാലും വർദ്ധനവിന്റെ ഫലം ക്ഷീരകർഷകർക്ക് ലഭിക്കുന്നില്ലെന്ന തരത്തിലുള്ള ഏതാനും പരാതികൾ ഉണ്ടായിട്ടുണ്ട്. ടി പരാതികൾ ജില്ലാ-തലത്തിൽ അന്വേഷണം നടത്തിയതിൽ നിന്നും പാൽവില വർദ്ധിപ്പിച്ചതിനാനുപാ-തികമായി ക്ഷീരകർഷകർക്ക് വില ലഭിച്ചതായി കണ്ടെത്തിയിട്ടുണ്ട്.<br>മിൽമയുടെ ഭരണസമിതി എക്കാലവും ക്ഷീരകർഷകർക്ക് പാലിന് ന്യായമായ വില ലഭ്യമാക്കുന്നതിനുള്ള തീരുമാനങ്ങൾ കൈക്കൊള്ളുകയും മിൽമ കർഷകർക്ക് പരമാവധി സഹായങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. |
| (ഡി) പാലിൽ നിന്നുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ ഉത്പാദനവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിന് | (ഡി) | പാലിൽ നിന്ന് മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിന് വകുപ്പിന്റെ 5 ക്ഷീര പരിശീലനകേന്ദ്രങ്ങൾ വഴി പരിശീലന |

| | |
|---|---|
| പുതിയതായി എന്തെല്ലാം പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | പരിപാടികൾ നടത്തിവരുന്നുണ്ട്. മിൽമ തൈര്, ഐസ്ക്രീം, നെയ്യ്, പേഡ, പാലട മിക്സ്, വെണ്ണ, പനീർ മുതലായവയുള്ള പുതിയ പ്ലാന്റുകൾ തുടങ്ങിയിട്ടുണ്ട്. ഉല്പന്നങ്ങളുടെ വിപണനം വർദ്ധിപ്പിക്കുന്നതിനായി വിതരണക്കാരെ നിയമിക്കുന്നുണ്ട്. കൂടാതെ നിലവിലുള്ള പ്ലാന്റുകളുടെ നവീകരണ പ്രവർത്തനങ്ങളും, പ്രവർത്തനശേഷിയും വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികളും കൈക്കൊള്ളുന്നുണ്ട്. |
| (ഇ) ക്ഷീരകാർഷിക രംഗത്തേയ്ക്ക് കൂടുതൽ പേരെ ആകർഷിക്കുന്ന തരത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഇ) ക്ഷീരകാർഷിക രംഗത്തേയ്ക്ക് കൂടുതൽ പേരെ ആകർഷിക്കുന്നതിനും, നിലവിലുള്ളവരെ ഈ മേഖലയിൽ തുടർന്നും നിലനിർത്തുന്നതിനും എം.എസ്.ഡി.പി, കാലിത്തീറ്റ സബ്സിഡി വിതരണ പദ്ധതി എന്നിവ നടപ്പാക്കുന്നുണ്ട്. കൂടാതെ, ആകസ്മികമായി കർഷകർക്കുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിന് ധനസഹായം അനുവദിക്കുന്നതിന് കണ്ടിജൻസി ഫണ്ട് രൂപീകരിച്ച് ധനസഹായം നൽകുക, മികച്ച ക്ഷീരകർഷകരെ ക്യാഷ് അവാർഡ് നൽകി ആദരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക തുടങ്ങിയ പ്രവർത്തനങ്ങളും വകുപ്പ് നടപ്പാക്കുന്നുണ്ട്.<br>മിൽമയുടെ കീഴിലുള്ള മേഖലാ യൂണിയനുകൾ പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി കിടാരി സംരക്ഷണ പദ്ധതി, പശുക്കളെ വാങ്ങുന്നതിനുള്ള റിവോൾവിംഗ് ഫണ്ട്, പച്ചപ്പുല്ല്, മറ്റു ഉല്പാദനോപാധികൾ എന്നിവ കർഷകർക്ക് നല്കി വരുന്നു. ഇതു കൂടാതെ National Dairy Plan-1 പ്രകാരം Ration Balancing Programme (RBP), Village Based Milk Procurement System (VBMPS) എന്നീ പദ്ധതികളും നടപ്പാക്കി വരുന്നു. കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ക്ഷീരകർഷകർക്ക് കാലിത്തീറ്റയ്ക്ക് സബ്സിഡിയും നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ